[Mr. P. A. Muhamed Ashroff]

ക്കാതിരുന്നാൽ ആവശ്യമുള്ള വിവരങ്ങൾ തരുവാൻ അവർ സന്നദ്ധരാകയില്ല. ആ അവസരം അവക്ക് കൊടുക്കേണ്ടതാണ്. ബഹുമാനപ്പെട്ട അനുദ്യോഗസ്ഥമെമ്പർമാക്കും ഇതു നേരത്തെ കിട്ടുന്നതുകൊണ്ട് ആവശ്യവുമുണ്ട്. ചിലർ ½ മണിക്കേ വരുകയുള്ളൂ.

Mr. President: I quite understand you. But that point has been expressed by me.

മിസ്റ്റർ എം. കെ. രാജ്: Question paper നേരത്തെ കൊടുക്കുന്നതുകൊണ്ടുണ്ടാകാവുന്ന ക്രമക്കേടുകളെപ്പറ്റി ആലോചിച്ചു ശേഷമേ ഇതിലൊരു തീരുമാനമുണ്ടാക്കാവൂ എന്നു ഞാൻ പറയുന്നുള്ളൂ. ഇതിനെ സംബന്ധിച്ചു മറ്റുള്ള നിയമസഭകളിലെ നടപടികളെന്താണെന്നു പരിശോധിച്ചു അതിൽ വലിയ നീക്കുപോക്കൊന്നും കൂടാതെ അതു പിൻതുടരുകയാണു നല്ലതു് എന്നു തോന്നുന്നു. നമുക്കു് ഇവിടെ പ്രത്യേകമായ പരിതസ്ഥിതികളൊന്നുമില്ലാത്ത സ്ഥിതിക്കും ഈ വക കാര്യങ്ങളെപ്പറ്റി നിയമസഭകളിൽ നടപ്പുള്ള സാമന്യ ചട്ടങ്ങൾ വളരെ പരിപക്വമായ ആലോചനയുടെ ഫലങ്ങളാകയാലും അവയെ സ്വീകരിക്കുന്നതു തന്നെയാണു് നമുക്കും നല്ലതെന്നാണെന്റെ അഭിപ്രായം. എന്റെ നിർദ്ദേശങ്ങൾ വരാൻ പോകുന്ന സംഭവങ്ങളുടെ ഒരു നിഴലാണെന്നു ശ്രീ. എഴത്തച്ഛൻ സൂചിപ്പിച്ചു അതങ്ങിനെയൊന്നുമല്ല. ഞാൻ ഏതു സ്ഥാനത്തായാലും പറയാനിടയുള്ള എന്റെ അഭിപ്രായങ്ങളാണിവ. പിന്നെ ഒരു Short-notice question നെ സംബന്ധിച്ചു് ഒരു കാര്യം ഞാൻ പ്രസിഡണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി.

Mr. President: That also will be examied.

മിസ്റ്റർ എം. കെ. രാജ: വളരെ അടിയന്തിരമായ വിഷയങ്ങളെപ്പറ്റി സാധാരണ നടപടികളിൽക്കൂടി ചോദ്യം ചോദിക്കാൻ നിവർത്തിയില്ലാത്ത ഘട്ടങ്ങളിൽ മെമ്പർമാർ Short-notice question ചോദിക്കുമ്പോൾ ഗവണ്മെണ്ടു് അവക്കു കഴിയുന്നതും മറുപടി പറയാൻ സന്നദ്ധമായിരിക്കത്തക്ക സന്ദർഭമുണ്ടാകണമെന്നേ ഞാൻ പറയുന്നുള്ളൂ. ഒരു ചോദ്യത്തിനും സമയത്തു മറുപടി തരില്ല എന്ന നയമാണു ഗവണ്മെണ്ടു സ്വീകരിച്ചിരിക്കുന്നതെന്നു തോന്നുന്നു. എന്റെ Short-notice ചോദ്യങ്ങൾക്കു മറുപടി കിട്ടിയില്ലെങ്കിൽ വേണ്ട; സാധാരണ ചോദ്യങ്ങൾക്കു് ഏപ്പോഴെങ്കിലും ഒരു മറുപടി കിട്ടിയാൽ തന്നെ അതു വലിയ കാര്യമായിരിക്കും എന്ന നിലയാണു് ഞങ്ങളിപ്പോൾ.....

Mr. President: If it is admissible the President immediately admits it and sends it for answer to the Government and if there is delay for the answers to come reminders are sent and all necessary steps are taken.

മിസ്റ്റർ എം കെ. രാജ: ഇക്കാര്യത്തിൽ പ്രസിഡണ്ടിന്റെ കുറ്റവിലോപമുണ്ടെന്നു് അല്ല പറയുന്നതു്. ഗവണ്മെണ്ടിന്നു അതിനുള്ള നിർദ്ദേശം പ്രസിഡണ്ടവർകൾ കൊടുത്താൽ മതിയാവും.

Mr. President : I am very thankful to the Hon'ble Member, for having given me very helpful suggestions on the matter and all these will be examined and I will come to a decision later on.

3. NON-OFFICIAL BUSINESS—BILLS

(1) SELECT COMMITTEE REPORT ON THE COCHIN SHOPS AND ESTABLISHMENTS BILL

മിസ്റ്റർ പി. കെ. ഡിവർ: Select Committee-ക്കു് പരിശോധിക്കുവാൻ കൊടുത്തിട്ടുള്ള ഈ ബിൽ ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുകയും, ഈ സഭ അതു് ആലോചിക്കണമെന്നു് അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു. മൂന്നു ബില്ലുകളാണു് ഈ സഭയിൽ ആലോചനക്കുണ്ടായിരുന്നതു്. മിസ്റ്റർ പുത്തൂരിന്റെ ഒരു ബിൽ, മിസ്റ്റർ ജേക്കബ്ബിന്റെ ഒരു ബിൽ, എന്റെ ഒരു ബിൽ. ഈ മൂന്നു ബില്ലുകളിൽ മിസ്റ്റർ പുത്തൂരിന്റേയും എന്റേയും ബില്ലുകൾ തരതമ്യേന ഒരുപ്പോലെ ഉള്ളവയായിരുന്നു. മിസ്റ്റർ ജേക്കബ്ബിന്റെ ബിൽ, കുറെ അധികം പുരോഗമനപരങ്ങളായ വകുപ്പുകളോടുകൂടിയവയായിരുന്നു. ഈ മൂന്നു ബില്ലുകളും ആലോചിക്കാൻ ഒരേ കമ്മറ്റിയെയാണു് എല്ലിച്ചിരുന്നതു്. എറണാകുളത്തും, തൃശ്ശിവപേരൂരും, മട്ടാഞ്ചേരിയിലും ഈ കമ്മറ്റി യോഗങ്ങൾ കൂടി ആലോചിച്ചു് ഒരു ബിൽ തയ്യാറാക്കി. മദ്രാസിൽ ഇതുപോലെയുള്ള ഒരു ബിൽ കൊണ്ടുവരികയും അതു പാസ്സാക്കുകയും ചെയ്തു. ഞങ്ങൾ ഒടുവിൽ കൂടിയ യോഗത്തിൽ എന്റെ സ്നേഹിതൻ, യൂണിയൻ പ്രതിനിധിയും ഒരു വലിയ വണിഗപ്രമുഖനുമായ മിസ്റ്റർ എസ്സ്. എസ്സ്. കോടർ മദ്രാസ്സിലെ ബില്ലു് അങ്ങിനെ തന്നെ അനുകരിക്കുന്നതല്ലേ നല്ലതെന്നു ചോദിക്കുകയുണ്ടായി. ഞങ്ങൾ അതു സമ്മതിക്കുകയും ചെയ്തു. അങ്ങിനെയുള്ള ഒരു ബില്ലാണു നിയമസഭയുടെ ആലോചനക്കായി ഇപ്പോൾ ഇവിടെ വന്നിട്ടുള്ളതു്. മിസ്റ്റർ കോടരെപ്പോലെയുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രധാന വ്യാപാരകേന്ദ്രമായ മദ്രാസിലെപ്പോലെ, നമ്മുടെ മട്ടാഞ്ചേരി പട്ടണത്തിൽ—ആ നിയമം പോട്ട്കൊച്ചിയിലുള്ളതുകൊണ്ട്—അതിനോട് തൊട്ടുകിടക്കുന്ന നമ്മുടെ കൊച്ചിയിലും, പോട്ട്കൊച്ചിയിലെ നിയമം തന്നെ നടപ്പാക്കുന്നതു് നന്നായിരിക്കുമെന്നു് അഭിപ്രായപ്പെട്ടതിൽ അദ്ദേഹത്തോടുള്ള കൃതജ്ഞതയേയും, അഭിനന്ദനത്തേയും പ്രകടിപ്പിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ഈ ബിൽ എടുത്തപ്പോൾ ഇതിനെ പ്രതിഷേധിക്കാൻ വാണിജ്യപ്രമുഖനായ അദ്ദേഹത്തിന്നു് അഭിപ്രായമുള്ളതായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സ്വന്തം നിലയിലായിരുന്നില്ല. അദ്ദേഹത്തിന്റെ സ്വന്തം കച്ചവടത്തിൽ ജോലിക്കാർക്കു് ഇതിൽ വ്യവസ്ഥപ്പെടുത്തിട്ടുള്ളതിലും കൂടുതൽ ആനുകൂല്യങ്ങൾ കൊടുത്തുവരുന്നതായി എനിക്കറിയാം. എന്നാൽ ഇതിൽ അദ്ദേഹം വാദിച്ചതു മറ്റുള്ള വാണിജ്യപ്രമുഖന്മാർ, ഇങ്ങിനെയുള്ള ഒരു ബില്ലു് വന്നപ്പോൾ തങ്ങളുടെ പ്രതിനിധിയെന്ന നിലയിൽ ഇതിനെ എതുത്തില്ല എന്ന അദ്ദേഹത്തെ കുറ്റം പറഞ്ഞെങ്കിലോ എന്ന വിചാരിച്ചായിരിക്കാം. അദ്ദേഹത്തിന്റെ സ്വന്തം നിലയിൽ ഇതിനേക്കാൾ കൂടുതലായിട്ടുള്ള സൗജന്യങ്ങളും ആനുകൂല്യങ്ങളും കൊടുത്തുവരുന്നുണ്ടെന്നാണു് എന്റെ അറിവു്. അദ്ദേഹത്തിന്നു സ്വന്തം നിലയിൽ ഈ കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടാകാൻ തരമില്ലെന്നു ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. കൊച്ചിയിലുള്ള Shop-കളിലേക്കും, മദ്രാസ്സു് സംസ്ഥാനത്തിലുള്ള ഷാപ്പുകളിൽ നടക്കുന്ന സമ്പ്രദായം തന്നെ നടപ്പിലാക്കണമെന്നുള്ള അഭിപ്രായ ഐക്യമാണു് അദ്ദേഹത്തിൽനിന്നുണ്ടായതു്. അദ്ദേഹത്തിന്റെ സ്വന്തം പ്രവൃത്തികൾ കൊണ്ടു് അദ്ദേഹം സ്വന്ത നിലയിൽ ഇതിന്നു് എതിരല്ല എന്നു കാണിച്ചിട്ടുണ്ടെങ്കിലും, അന്നു് ഈ ബില്ലിനെ എതുക്കുകയുണ്ടായെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. പഴയ ബില്ലുകളിൽനിന്നു വ്യത്യസ്ഥങ്ങളായി, അതായതു് എന്റേയും, പുതുരിന്റേയും ബില്ലുകളിൽ നിന്നു വ്യത്യസ്ഥമായി, ഷാപ്പുകളിൽ പണി എടുക്കുന്നവരുടെ ആരോഗ്യം സംരക്ഷിക്കപ്പെടത്തക്ക ചില വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ടു്. ശമ്പളം കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള ചില വ്യവസ്ഥകളും കൊണ്ടുവന്നിട്ടുണ്ടു്. അങ്ങിനെ പല വിധത്തിലുള്ള വ്യവസ്ഥകളും ഇതിൽ ഉൾകൊള്ളിച്ചിട്ടുണ്ടു്. മിസ്റ്റർ ജേക്കബ്ബിന്റെ ബില്ലിൽ കുറെക്കൂടി കൂടുതൽ ആയിട്ടുള്ള ആനുകൂല്യങ്ങൾ പീടിക തൊഴിലാളികൾക്കു കൊടുക്കണമെന്നുള്ള വ്യവസ്ഥകൾ അടങ്ങിട്ടുണ്ടു്. ഇതിനെക്കുറിച്ചെല്ലാം ആലോചിച്ചതിൽ ഒരു Compromise എന്നുള്ള നിലയിൽ സമ്മതിച്ചു കൊണ്ടുവന്നിരിക്കുന്നതാണു് ഈ ബിൽ. അതുകൊണ്ടു് ഈ നിയമസഭ, അയൽവക്കത്തുള്ള പ്രോവിൻസുകളിലെ ബില്ലുകളോടു യോജിക്കുന്നവിധം ഇവിടെയുള്ള ബില്ലുകളിലും വ്യവസ്ഥകൾ വരുത്തണമെന്നു് അഭിപ്രായമുള്ള ഈ നിയമസഭ, ഈ ബില്ലിനെ ആലോചിച്ചു സാരമായ യാതൊരു ഭേദഗതിയും കൂടാതെ ഇതു സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയാണു് എനിക്കുള്ളതു്. ഗവണ്മെണ്ടു ഭാഗത്തു നിന്നു ഒന്നു രണ്ടു ഭേദഗതികൾ കൊണ്ടുവരുന്നുണ്ടു്. അവ സ്വീകാര്യങ്ങളെന്നു് ഈ സഭ അഭിപ്രായപ്പെടുന്നപക്ഷം ഞങ്ങൾ സന്തോഷത്തോടുകൂടി സ്വീകരിക്കുന്നതാണു്.

(A) POINT OF ORDER

Mr. P. Kumaran Ezhuthassan *(Vadakkancheri)*: On a point of order, Sir, I want to know whether the Hon'ble Member is on his legs under Standing Order 35 or 36, that is whether he is now presenting the report of the Select Committee or whether he is moving for consideration of this Bill as reported by the Select Committee which comes under S. O. 36 because it is necessary for all, inclusive of the Hon'ble Member, whom I am sorry to interrupt, to know it.

Mr. P. K. Dewer *(Nominated)*: I presented the report and this statement after the presentation of the report I am entitled to make as the member in charge.

Mr. President: In presenting the report the Hon'ble Member is entitled to make a statement.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: He is tresspassing into S. O. 36, Sir. That is why I intervened. I want to make comments upon the process under S. O. 35.

Mr. M. O. Thomakutty *(Commerce and Industry)*: I want to oppose.

Mr. President: The Select Committee report has been presented by the Hon'ble Member in charge. What is the Hon'ble Member opposing?

Mr. M. O. Thomakutty *(Commerce and Industry)*: I have to oppose certain clauses, Sir.

Mr. President: That will come later. The Hon'ble Member has got his chance. The Hon'ble Member Mr. Ezhuthassan said that he wants to make some comments.

LIBRARY ARCHIVES Kerala Legislative Assembly